**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3620** **12-03-2025 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം, ഗ്രേഡ് കാർഡുകളും സർട്ടിഫിക്കറ്റുകളും അനുവദിക്കൽ തുടങ്ങി വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട മുഴുവൻ സേവനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർവ്വകലാശാലകൾ വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും കൈവരിച്ച നേട്ടങ്ങളും വിശദമാക്കാമോ; | (എ) | പരീക്ഷ സംബന്ധമായ എല്ലാ കാര്യങ്ങളും സമയബന്ധിതമായും കൃത്യതയോടും നിർവ്വഹിക്കാൻ സർവ്വകലാശാലകളിൽ വിവര സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. 2024-25 അധ്യയനവർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും ആരംഭിച്ചു. വിദ്യാർത്ഥി സേവനങ്ങൾ വേഗത്തിലാക്കുന്നതിനായി K-REAP സോഫ്റ്റ്‌വെയർ ഫ്രെയിംവർക്ക് എല്ലാ സർവകലാശാലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിലെ ഡിജിറ്റലൈസേഷന്റെ ഭാഗമായി നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ് വെയറുകളിൽ സർവ്വകലാശാലകളിലെ സാങ്കേതിക വിഭാഗം നേരിട്ട് വികസിപ്പിച്ചെടുത്തവ ഏതെല്ലാമാണെന്നും ബാഹ്യ ഏജൻസികളുടെ സോഫ്റ്റ് വേയറുകൾ ഏതെല്ലാമാണെന്നും അവയോരോന്നും ഏതെല്ലാം സേവനങ്ങൾക്കാണ് ഉപയോഗിച്ചുവരുന്നതെന്നും വിശദമാക്കാമോ; | (ബി) | വിശദാംശങ്ങൾ **<u>അനുബന്ധം 1</u>** ആയി ചേർക്കുന്നു. |
| (സി) | ഡിജിറ്റലൈസേഷന്റെ ഭാഗമായി നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ് വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത എന്നിവ പരിശോധിക്കുന്നതിനും ആവശ്യമായ അപ്ഡേഷൻ വരുത്തുന്നതിനുമായി ഉപയോഗിക്കുന്ന സംവിധാനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | സോഫ്റ്റ്‌വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത മുതലായവ പരിശോധിക്കാൻ സർവകലാശാലകൾ CDAC പോലുള്ള സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്താറുണ്ട്. കോളേജുകളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും പ്രശ്നങ്ങൾ (Bugs) റിപ്പോർട്ട് ചെയ്യുമ്പോൾ ആ നിമിഷം തന്നെ അത് പരിഹരിക്കാനുള്ള സംവിധാനം സർവകലാശാലകൾക്കുണ്ട്. സർവ്വകലാശാലയിലെ സാങ്കേതിക വിഭാഗം നിർമിച്ച സോഫ്റ്റ്‌വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത എന്നിവ അതാത് കാലങ്ങളിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. സർവ്വകലാശാലയിലെ സാങ്കേതിക വിഭാഗം |

| | | | |
|---|---|---|---|
| | | | നിർമിച്ച സോഫ്റ്റ്‌വെയറുകളുടെ ആവശ്യമായ അപ്‌ഡേഷൻ വരുത്തുന്നതും കാലാകാലങ്ങളിൽ ആവശ്യമായ മൊഡ്യൂളുകൾ കൂട്ടിച്ചേർക്കുന്നതും ഇതേ വിഭാഗമാണ്. |
| (ഡി) | വിവിധ കോഴ്സുകളിലെ പ്രവേശനവും പരീക്ഷയുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് സർവ്വകലാശാലകളുടെ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ഫീസ് സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | വിവിധ കോഴ്സുകളിലെ പ്രവേശനവും പരീക്ഷയുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് സർവകലാശാലകളുടെ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളിൽ നിന്നും മഹാത്മാഗാന്ധി സർവ്വകലാശാല ഒഴികെ മറ്റ് സർവ്വകലാശാലകളൊന്നും ഫീസുകൾ സ്വീകരിക്കുന്നില്ല. |
| (ഇ) | ഓരോ സർവ്വകലാശാലകളിലും ഡിജിറ്റലൈസേഷൻ, സോഫ്റ്റ് വേയർ ഡെവലപ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗം/ബ്രാഞ്ച് ഏതാണെന്നുള്ള വിവരവും പ്രസ്തുത വിഭാഗത്തിന് കീഴിൽ നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ഇ) | വിശദാംശങ്ങൾ **<u>അനുബന്ധം 2</u>** ആയി ചേർക്കുന്നു.<br><br>എ.പി.ജെ അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്) | പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നല്കിയയിനത്തിൽ ഓരോ സർവ്വകലാശാലയും 2023-24 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷം, ജീവനക്കാരുടെ എണ്ണം, തുക എന്ന ക്രമത്തിൽ ലഭ്യമാക്കാമോ; | (എഫ്) | വിശദാംശങ്ങൾ **<u>അനുബന്ധം 3</u>** ആയി ചേർക്കുന്നു.<br><br>എ.പി.ജെ അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല എന്നീ സർവ്വകലാശാലകളുടെ വിവരം ശേഖരിച്ചുവരുന്നു. |
| (ജി) | സർവ്വകലാശാലകളിലെ പ്രവേശനം,പരീക്ഷ നടത്തിപ്പ്, അക്കാദമികവും ഭരണപരവുമായ സംവിധാനങ്ങൾ തുടങ്ങിയവയുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി ഓരോ സർവ്വകലാശാലയും 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ? | (ജി) | വിശദാംശങ്ങൾ **<u>അനുബന്ധം 4</u>** ആയി ചേർക്കുന്നു.<br><br>എ.പി.ജെ അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല എന്നീ സർവ്വകലാശാലകളുടെ വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

## കേരള സർവകലാശാല

slcm.KeralaUniversity.ac.in ഒഴിച്ച് ബാക്കിയെല്ലാ സോഫ്റ്റ്‌വെയറുകളും സർവകലാശാല സാങ്കേതിക വിഭാഗം തയ്യാറാക്കിയതാണ്. ഈ സോഫ്റ്റ്‌വെയർ തയ്യാറാക്കിയത് ബാഹ്യ കേന്ദ്ര ഏജൻസിയായ ഐടിഐ യുടെ സഹായത്തോട് കൂടിയാണെങ്കിലും കേരള യൂണിവേഴ്സിറ്റിയുടെ സ്വന്തമാണ്.

a) Sage Software
കേരള യൂണിവേഴ്സിറ്റി FyUGP തുടങ്ങുന്നതിനു മുമ്പ് affiliated college കളിൽ ഉണ്ടായിരുന്ന UG, PG പ്രോഗ്രാമുകളുടെ ടാബുലേഷനുകൾ ചെയ്യാൻ ഉതകുന്ന സോഫ്റ്റ്‌വെയറാണ് ഇത്. വളരെ പഴക്കമുള്ളതാണെങ്കിലും ഇന്നും വളരെ സുഗമമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നു.

b) exams. KeralaUniversity.ac.in
ഈ ഓൺലൈൻ പോർട്ടൽ വഴിയാണ് വിദ്യാർത്ഥികൾ പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യുന്നതും ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതും മറ്റും. കോളേജുകൾ ഈ പോർട്ടൽ പല ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. വിദ്യാർത്ഥികളുടെ പരീക്ഷ റിസൾട്ടുകൾ പബ്ലിഷ് ചെയ്യുന്നതും ഇതേ പോർട്ടലിലാണ്.

c) sde.KeralaUniversity.ac.in
വിദൂര വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് നല്കുന്ന എല്ലാ സേവനങ്ങളും ഈ ഓൺലൈൻ പോർട്ടൽ വഴിയാണ് കിട്ടുന്നത്.

d) de.KeralaUniversity.ac.in
പ്രവേശനം, എൻ റോൾമെന്റ്, പുനർ മൂല്യനിർണ്ണയം, പരീക്ഷ രജിസ്ട്രേഷൻ എന്നിവയ്ക്ക് വേണ്ടി ഉപയോഗിക്കുന്നു.

e) admission.KeralaUniversity.ac.in
കേരള യൂണിവേഴ്സിറ്റിയുടെ കേന്ദ്രീകൃത പ്രവേശന പ്രക്രിയയുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രോസ്സസ്സുകളും കൃത്യമായും സമയബന്ധിതമായും ചെയ്തു തീർക്കാൻ ഉപയോഗിക്കുന്ന Online Portal ആണിത്. വർഷങ്ങളായി ഈ സംവിധാനം ഉപയോഗിച്ച് Allotment നടന്നുകൊണ്ടിരിക്കുന്നു. Ug, Pg, Fyugp, MTech, BEd തുടങ്ങിയ പ്രോഗ്രാമുകളി ലേക്കായാണ് ഇത് വഴി allotment നടന്നുകൊണ്ടിരിക്കുന്നത്.

f) tabulation software for annual, sde etc.
annual, sde എന്നീ പാറ്റേണിൽ നടക്കുന്ന പരീക്ഷകളുടെ tabulation ജോലികൾ കൃത്യതയോടും സമയബന്ധിതമായും ചെയ്യുവാനുള്ള സോഫ്റ്റ്വെയർ.

g) dashboard. KeralaUniversity.ac.in
പൊതു സമൂഹത്തിന് സർവകലാശാലയിൽ നിന്നും കിട്ടാൻ ആഗ്രഹിക്കുന്ന ചില വിവരങ്ങൾ പ്രസിദ്ധീകരിക്കാൻ സർവകലാശാലയെ സഹായിക്കുന്ന Online സംവിധാനം

h) insight.KeralaUniversity.ac.in
സർവകലാശാലയിലെ ഉന്നതാധികാരികൾക്ക് പല തീരുമാനങ്ങളും എടുക്കാൻ ഉതകുന്ന വിവരങ്ങൾ അവരുടെ മുന്നിൽ അതാത് സമയത്ത് മറ്റുള്ളവരുടെ സഹായങ്ങൾ ഇല്ലാതെ എത്തിക്കാൻ സഹായിക്കുന്ന ഒരു intranet പോർട്ടൽ

i) myapplication.KeralaUniversity.ac.in

വിദ്യാർത്ഥികൾക്ക് കാലാകാലമായി ആവശ്യമുള്ള പല സർട്ടിഫിക്കറ്റുകളും Online ആയി അപേക്ഷിക്കാനും ഇത്തരം സർട്ടിഫിക്കറ്റുകൾ Online ആയി തന്നെ വളരെ വേഗത്തിൽ ലഭ്യമാക്കാൻ വിദ്യാർത്ഥികളെയും സർവകലാശാലയേയും സഹായിക്കുന്ന online Portal

j) portals and software for FYUGP examinations

പുതിയ Fyugp പ്രോഗ്രാമുകളിൽ പ്രവേശനം കിട്ടിയ വിദ്യാർത്ഥികളുടെ പരീക്ഷാ സംബന്ധിയായ കാര്യങ്ങൾ നിർവ്വഹിക്കാനുള്ള Online സംവിധാനം

k) various university websites

സർവകലാശാലയുടെ വിവരങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കാനുള്ള സംവിധാനം

l) slcm.KeralaUniversity.ac.in

Student life cycle management system

ഒരു വിദ്യാർത്ഥിയുടെ പ്രവേശനം തൊട്ട് ഡിഗ്രി സർട്ടിഫിക്കറ്റ് കിട്ടുന്നത് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഒരേ പോർട്ടലിന്റെ കുടക്കീഴിൽ ആക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പ്രോജക്ട്. ഇതിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സർവകലാശാല ജീവനക്കാർക്കും ലോഗിൻ ചെയ്ത് അവനവന് വേണ്ട ജോലികൾ ചെയ്യാനും സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ സർവകലാശാല ഫാൾസ് നമ്പറിംഗ് നിർത്തലാക്കുകയും പകരം QR code ഉപയോഗപ്പെടുത്തുകയും വാല്യുവേഷൻ കാമ്പ് മാനേജ്മെന്റ്, Mobile application വഴി അധ്യാപകന് നേരിട്ട് മാർക്ക് രേഖപ്പെടുത്താനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

m) examerp portal

slcm സോഫ്റ്റ്‌വെയറിന്റെ ഭാഗം

n) Hostel management software

വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അപേക്ഷകൾ നല്കാനും അത് വഴി അലോട്ട്മെന്റ് നേടാനും സാധ്യമാക്കുന്ന പോർട്ടൽ

o) software for fyugp in kariavattam campus

കാര്യവട്ടം കാമ്പസ്സിലെ FYUGP വിദ്യാർത്ഥികൾക്കുള്ള online പോർട്ടൽ

p) online portal for various fee remittance

വിദ്യാർത്ഥികൾക്ക് പല തരത്തിലുള്ള ഫീസുകൾ ഓൺലൈനായി അടക്കാനുള്ള സംവിധാനം.

q) cash counter software

വിദ്യാർത്ഥികൾക്ക് സർവകലാശാലയിൽ നേരിട്ട് വന്ന് ഫീസുകൾ അടക്കാനുള്ള സംവിധാനം.

r) online examination software

ബി എഡ് മൾട്ടിപ്പൽ choice പരീക്ഷകൾ Online ആയി നടത്തി അടുത്ത ദിവസം തന്നെ റിസൾട്ട് പ്രസിദ്ധീകരിക്കാനുള്ള സംവിധാനം.

s) online question paper distribution software

ചോദ്യ പേപ്പറുകൾ നേരിട്ട് എത്തിക്കാതെ പരീക്ഷ തുടങ്ങുന്നതിന്റെ കുറച്ച് മുമ്പായി സുരക്ഷിതമായി അതാത് കോളേജുകളിലും കാര്യവട്ടം ക്യാമ്പസ്സിലെ ഡിപ്പാർട്ടുമെന്റുകളിലും എത്തിച്ച് Print ചെയ്ത് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാൻ ഉള്ള സംവിധാനം. വർഷങ്ങളായി വളരെ സൂക്ഷ്മതയോടെയും ഭംഗിയായും ഉപയോഗിച്ചു കൊണ്ടിരിക്കുന്നു.

t) online answer paper evaluation software

വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ നേരിട്ട് അധ്യാപകർക്ക് എത്തിക്കാതെ ഓൺലൈനായി അധ്യാപകർക്ക് എത്തിക്കുകയും ഓൺലൈനിൽ തന്നെ എവിടെവെച്ചും സുരക്ഷിതമായി മൂല്യനിർണ്ണയ ം നടത്തി മാർക്കുകൾ upload ചെയ്യാനുമുള്ള അതി നൂതനമായ സംവിധാനം

u) answer script scanning software

മേൽപ്പറഞ്ഞ സംവിധാനത്തിന് വേണ്ടി ഉത്തരക്കടലാസ്സുകൾ സ്കാൻ ചെയ്ത് തയ്യാറാക്കാനുള്ള സംവിധാനം

v) research.keralauniversity.ac.in

ഈ സിസ്റ്റം സർവകലാശാലയിൽ രജിസ്റ്റർ ചെയ്ത ഗവേഷണ വിദ്യാർത്ഥികളുടെ പി.എച്ച്.ഡി പ്രവേശനം മുതൽ ബിരുദം ലഭിക്കും വരെ ഉള്ള എല്ലാ നടപടികളും മാനേജ്ചെയ്യുന്നതിനായി ഉപയോഗിക്കുന്നു.

## മഹാത്മാഗാന്ധി സർവകലാശാല

എം ജി സർവകലാശാലയിൽ നിലവിൽ പ്രവേശനത്തിനും പരീക്ഷാ സംബന്ധമായ ജോലികൾക്കും ഉപയോഗിച്ച് കൊണ്ടിരിക്കുന്ന എല്ലാ സോഫ്റ്റ് വെയറുകളും സർവകലാശാല വികസിപ്പിച്ചിട്ടുള്ളതാണ്.

## കാലിക്കറ്റ് സർവ്വകലാശാല

| നമ്പർ | സോഫ്റ്റ്‌വെയർ /പോർട്ടൽ | സോഫ്റ്റ്‌വെയർ /പോർട്ടൽ മുഖേന നൽകുന്ന സേവനം | വികസിപ്പിച്ചത് |
|---|---|---|---|
| 1 | അഡ്മിഷൻ പോർട്ടൽ | കാലിക്കറ്റ് സർവകലാശാലയിലെ കോഴ്സുകളിലേക്കുള്ള പ്രവേശനം | സർവകലാശാല |
| 2 | ടാബുലേഷൻ സോഫ്റ്റ്‌വെയറുകൾ | പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം | സർവകലാശാല |
| 3 | കോളേജ് പോർട്ടൽ | കോളേജുകളുമായി ബന്ധപ്പെട്ട സേവനങ്ങൾ | സർവകലാശാല |
| 4 | സ്റ്റുഡന്റ് പോർട്ടൽ | പരീക്ഷ രജിസ്ട്രേഷൻ, ഹാൾടിക്കറ്റ് വിതരണം, ഫലപ്രഖ്യാപനം, പുനർമൂല്യനിർണ്ണയം, ബിരുദ സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയ വിദ്യാർഥികളുമായി ബന്ധപ്പെട്ട സേവനങ്ങൾ | സർവകലാശാല |
| 5 | ഇ - സർട്ടിഫിക്കറ്റ് പോർട്ടൽ | വിവിധ സർട്ടിഫിക്കറ്റുകളുടെ വിതരണം | സർവകലാശാല |
| 6 | റിസർച്ച് പോർട്ടൽ | ഗവേഷണ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട സേവനങ്ങൾ | സർവകലാശാല |
| 7 | ഇ പെയ്മെന്റ് പോർട്ടൽ | വിവിധ ഫീസുകൾ ഒടുക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ | സർവകലാശാല |
| 8 | സ്റ്റാഫ് പോർട്ടൽ | യൂസർ ഓതെന്റിക്കേഷൻ, ടിക്കറ്റിങ് | സർവകലാശാല |
| 9 | ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം | ഫയൽ മാനേജ്മെന്റ് | ബാഹ്യ ഏജൻസി |
| 10 | എം എം ടി ടി സി സോഫ്റ്റ്‌വെയർ | യു ജി സി അധ്യാപകരുടെ ട്രെയിനിങ് | സർവകലാശാല |
| 11 | ആർ ടി ഐ പോർട്ടൽ | വിവരാവകാശം | സർവകലാശാല |
| 12 | വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ പോർട്ടൽ | വിദൂര വിദ്യാഭ്യാസ വിഭാഗവുമായി ബന്ധപ്പെട്ട സേവനങ്ങൾ | സർവകലാശാല |
| 13 | എംപ്ലോയീസ് സ്പോട്ട് | ജീവനക്കാരുമായി ബന്ധപ്പെട്ട സേവനങ്ങൾക്കായുള്ള പോർട്ടൽ | സർവകലാശാല |
| 14 | പെൻഷനേഴ്സ് സ്പോട്ട് | പെൻഷൻകാരുമായി ബന്ധപ്പെട്ട സേവനങ്ങൾക്കായുള്ള പോർട്ടൽ | സർവകലാശാല |
| 15 | സർവകലാശാല വെബ്സൈറ്റുകൾ | | സർവകലാശാല |
| 16 | SMS ഗേറ്റ് വേ | സിംഗിൾ / ബൾക്ക് ഇ- മെയിലുകൾ അയക്കുന്നതിന് | സർവകലാശാല |
| 17 | പേറോൾ മാനേജ്മെന്റ് സിസ്റ്റം | ശമ്പള വിതരണം | സർവകലാശാല |

**<u>കണ്ണൂർ സർവകലാശാല</u>**

മേൽ പരാമർശിച്ച് സോഫ്റ്റ്‌വെയറുകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ നടത്തിപ്പിനായുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കിയത് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ K-Reap പ്രോജക്ടിന്റെ ഭാഗമായി ASAP Kerala യുടെ നേതൃത്വത്തിലാണ്. ഇതൊഴികെ ഏകജാലക സംവിധാനം, ഓൺലൈൻ സേവന പോർട്ടലുകൾ, പരീക്ഷാ നടത്തിപ്പിനുള്ള ഓൺലൈൻ സേവനങ്ങൾ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയ പ്രവൃത്തികൾക്കാവശ്യമായ മുഴുവൻ സോഫ്റ്റ്‌വെയറുകളും സർവ്വകലാശാലയുടെ സാങ്കേതിക വിഭാഗം തയ്യാറാക്കിയതാണ്.

**<u>നുവാൽസ്</u>**_

യൂണിവേഴ്സിറ്റിയുടെ ആവശ്യങ്ങൾ ഉൾപ്പെടുത്തി C- DAC നിർമ്മിച്ച Academic Management Solutions (AMS) ആണ് നുവാൽസിൽ ഉപയോഗിക്കുന്നത്.

**<u>കുസാറ്റ്</u>**

കൊച്ചി സർവ്വകലാശാല ഡിജിറ്റലൈസേഷന്റെ ഭാഗമായി നേരിട്ട് വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകളും അല്ലാത്തവയും സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട്

| Sl.No. | Name of IT System | Developer of the IT System | Online URL for the IT System | Year in which the IT System achieved | Core functions of the IT System |
|---|---|---|---|---|---|
| 1 | ID Card creation | CUSAT | eservices.cusat.ac.in | 2024 | ID card for staff & students |
| 2 | Cusat Website | CUSAT | cusat.ac.in | 1995 | Official website of CUSAT |
| 3 | DEAS | CUSAT | deas.cusat.ac.in | 2019 | Billing & inventory |
| 4 | Admissions - Application | CUSAT | admissions.cusat.ac.in | 2019 | Admissions |
| 5 | Admission - Allotment | CUSAT | INTERNAL | 2019 | Allotment |
| 6 | Payment Portal | CUSAT | pay.cusat.ac.in | 2024 | Fee payment |
| 7 | Recruitment | CUSAT | recruit.cusat.ac.in | 2021 | Recruitment |
| 8 | Moodle | Open Source | moodle.cusat.ac.in | 2019 | E Learning |
| 9 | Dspace | CUSAT | rekha.cusat.ac.in | 2009 | Library |
| 10 | KOHA | CUSAT | opac.cusat.ac.in | 2010 | Library |
| 11 | Complaint Registration on internet & intercom | CUSAT | cirmoffice.cusat.ac.in | 2020 | Complaint Registration on internet & intercom |
| 12 | Pensioners | CUSAT | pension.cusat.ac.in | 2019 | Pensioner portal |
| 13 | Students Hostel | CUSAT | hostels.cusat.ac.in | 2021 | Hostel admission/ allotment |
| 14 | eStudents | CUSAT | estudents.cusat.ac.in | | Students Portal |
| 15 | Exam ERP | CUSAT | exam.cusat.ac.in | | Examination portal |
| 16 | Exam Result | CUSAT | results.cusat.ac.in | | Exam results |
| 17 | CUSAT e-mail | Google | google domain @cusat.ac.in | 2010 | CUSAT email id creation for CUSAT family |
| 18 | Centralised Portal for instrumental facility | CUSAT | cif.cusat.ac.in | 2025 | Centralised Portal for booking instrumental facility |
| 19 | Project Management Software | CUSAT | INTERNAL+A14:D27A13:D27 | 2025 | Project management for planning and finance |
| 20 | Biometric Time Check | **KELTRON** | biometric.cusat.ac.in | 2013 | Biometric attendance management |
| 21 | Biostar | **KELTRON** | INTERNAL | 2013 | Biometric punching system |
| 22 | FFMS | **KELTRON** | ffms.cusat.ac.in | 2018 | E file flow |
| 23 | Payroll | **Ferguson** | INTERNAL | 2024 | Payroll for contract staff |
| 24 | Samarth | **Delhi University** | cusat.samarth.ac.in | 2023 | Examination portal |
| 25 | Unispark | **NIC** | unispark.kerala.gov.in | 2020 | Salary & Payment details |

## <u>ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>

പരീക്ഷ റിസൾട്ട് പ്രോസസ്സിംഗിന് ഉപയോഗിക്കുന്ന സി–ഡിറ്റി –ന്റെ സോഫ്റ്റ്‌വെയർ ഒഴികെ മറ്റെല്ലാ സോഫ്റ്റ് വെയറുകളും സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാരെ ഉപയോഗപ്പെടുത്തി പൂർത്തിയാക്കിയതാണ്. സി–ഡിറ്റിൽ –ന്റെ സോഫ്റ്റ്‌വെയറിന്റെ സോഴ്സ് കോഡ്

സർവ്വകലാശാലയിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പ്രസ്തുത സോഫ്റ്റ് വെയറിന്റെ അപ്ഡേറ്റസും സർവ്വകലാശാല തന്നെയാണ് നിർവഹിക്കുന്നത്.

| ക്രമ നമ്പർ | സോഫ്റ്റ്വെയർ / അപ്ലിക്കേഷന്റെ പേര് | വിദ്യാർത്ഥികൾക്ക് ലഭ്യമായ സേവനങ്ങൾ | |
|---|---|---|---|
| 1 | അഡ്മിഷൻ പോർട്ടൽ | 1. വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനുള്ള അപേക്ഷ<br>2. ഓപ്ഷൻ നൽകൽ<br>3. അലോട്ട്മെന്റ്<br>4. ഫീ പേയ്മെന്റ് | സർവ്വകലാശാല സ്വന്തം നിലയിൽ വികസിപ്പിച്ചത് |
| 2 | Student Portal | 1. കോഴ്സ് രജിസ്ട്രേഷൻ<br>2. പരീക്ഷ രജിസ്ട്രേഷൻ<br>3. ഹാൾ ടിക്കറ്റ് ജനറേഷൻ<br>4. ഫലപ്രഖ്യാപനം<br>5. മാർക്ക് ലിസ്റ്റ് ജനറേഷൻ<br>6. പരീക്ഷ ഫീ, ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ എന്നിവ അടയ്ക്കുന്നതിനുള്ള സൗകര്യം<br>7. അധ്യാപകർ, അനധ്യാപക ജീവനക്കാർ,കോഴ്സ്എന്നിവ രുമായി ബന്ധപ്പെട്ട feedback നൽകുന്നതിനുള്ള സൗകര്യം | സർവ്വകലാശാല സ്വന്തം നിലയിൽ വികസിപ്പിച്ചത് |
| 3 | Certificate Portal | 1. ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ<br>2. പ്രൊവിഷണൽ സർട്ടിഫിക്കറ്റ്<br>3. മൈഗ്രേഷൻ സർട്ടിഫിക്കറ്റ്<br>4. പൊസിഷൻ സർട്ടിഫിക്കറ്റ്<br>5. ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് | സർവ്വകലാശാല സ്വന്തം നിലയിൽ വികസിപ്പിച്ചത് |

| | | | |
|---|---|---|---|
| 4 | FMTS | 1. തപാൽ സൃഷ്ടിക്കൽ<br>2. ഫയൽ സൃഷ്ടിക്കൽ<br>3. ഫയൽ പ്രോസസ്സിംഗ്<br>4. ഫയലിൽ നിന്ന് ഓർഡറുകൾ നൽകൽ | സർവ്വകലാശാല സ്വന്തം നിലയിൽ വികസിപ്പിച്ചത് |
| 5 | Learning Management System (LMS) | വിദ്യാർത്ഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസം നൽകുന്നതിനായി 2019 മുതൽ തന്നെ സ്വതന്ത്ര സോഫ്റ്റ്വെയറായ Moodle അടിസ്ഥാനമാക്കിയുള്ള Learning Management System(LMS) പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തുന്നു. 2020 മുതൽ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ LMS നിർബന്ധമാക്കിയ ആദ്യത്തെ സർവ്വകലാശാലയാണ് ശ്രീ ശങ്കരാചാര്യസംസ്കൃത സർവ്വകലാശാല. | സർവ്വകലാശാല സ്വന്തം നിലയിൽ വികസിപ്പിച്ചത് |
| 6 | വിവിധ Websites | 1. സർവകലാശാല വെബ്സൈറ്റ്<br>2. ലൈബ്രേറി വെബ്സൈറ്റ്<br>3. ജേർണൽ വെബ്സൈറ്റ് | സർവ്വകലാശാല സ്വന്തം നിലയിൽ വികസിപ്പിച്ചത് |
| 7 | Online RTI Portal | Online RTI Portal | സർവ്വകലാശാല സ്വന്തം നിലയിൽ വികസിപ്പിച്ചത് |
| 9 | പരീക്ഷ സോഫ്റ്റ്വെയർ | റിസൾട്ട് പ്രോസസ്സിംഗ് | സി-ഡിറ്റ് (ഡെവലപ്പ് ചെയ്തത് സി-ഡിറ്റ് ആണെങ്കിലും സർവ്വകലാശാലയാണ് നിലവിൽ അപ്ഡേഷൻ നടത്തുന്നത് ) |

**അനുബന്ധം – 2**

## കേരള സർവകലാശാല

കേരള യൂണിവേഴ്സിറ്റി കംപ്യൂട്ടർ സെന്റർ. തസ്തിക വിവരങ്ങൾ താഴെക്കൊടുക്കുന്നു.

ഡയറക്ടർ – 1
പ്രോഗ്രാമ്മർ – 3
സിസ്റ്റം അഡ്മിനിസ്ട്രേറ്റർ – 2

നിലവിൽ 8 പ്രോഗ്രാമ്മറും 2 സീനിയർ പ്രോഗ്രാമ്മറും 4 ടെക്നീഷ്യന്മാരും കരാർ അടിസ്ഥാനത്തിൽ കംപ്യൂട്ടർ സെന്ററിൽ ജോലി ചെയ്യുന്നുണ്ട്.

## മഹാത്മാഗാന്ധി സർവകലാശാല

സർവ്വകലാശാലയിലെ സോഫ്റ്റ് വെയർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐ.ടി. സെൽ വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് നടക്കുന്നത്. ഐ. ടി. സെൽ വിഭാഗത്തിന് കീഴിൽ, സോഫ്റ്റ് വെയർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്ന ജീവനക്കാരുടെ
വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | എണ്ണം | നിയമന രീതി |
|---|---|---|---|
| 1. | ജൂനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ | 4 | സർവ്വകലാശാല നേരിട്ട് നടത്തുന്ന ഒരു വർഷത്തേക്കുള്ള കരാർ നിയമനം |
| 2. | സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ | 9 | സർവ്വകലാശാല നേരിട്ട് നടത്തുന്ന ഒരു വർഷത്തേക്കുള്ള കരാർ നിയമനം |
| 3. | സോഫ്റ്റ്‌വെയർ ഡെവലപ്പർ (Fresher)) | 2 | സർവ്വകലാശാല നേരിട്ട് നടത്തുന്ന ഒരു വർഷത്തേക്കുള്ള കരാർ നിയമനം |
| 4. | ലീഡ് ഡെവലപ്പർ | 6 | സർവ്വകലാശാല നേരിട്ട് നടത്തുന്ന ഒരു വർഷത്തേക്കുള്ള കരാർ നിയമനം |
| 5. | സീനിയർ നെറ്റവർക്ക് & ഡെവലപ്മെന്റ് എഞ്ചിനീയർ | 1 | സർവ്വകലാശാല നേരിട്ട് നടത്തുന്ന ഒരു വർഷത്തേക്കുള്ള കരാർ നിയമനം |
| | | | |

| | | | |
|---|---|---|---|
| 6. | ഐ.ടി.സെൽ ഡയറക്ടർ | 1 | സർവ്വകലാശാല നേരിട്ട് നടത്തുന്ന ഒരു വർഷത്തേക്കുള്ള കരാർ നിയമനം |

## കാലിക്കറ്റ് സർവ്വകലാശാല

കാലിക്കറ്റ് സർവകലാശാലയിൽ ഡിജിറ്റലൈസേഷൻ, സോഫ്റ്റ് വേയർ ഡെവലപ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗം Calicut University Computer Centre (CUCC) ആണ്. പ്രസ്തുത വകുപ്പിന് കീഴിൽ ഡിജിറ്റലൈസേഷൻ, സോഫ്റ്റ് വേയർ ഡെവലപ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന, നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ക്രമ നമ്പർ | പേര് | ഐ.ഡി. നമ്പർ | തസ്തിക |
|---|---|---|---|
| 1 | അബ്ദുൽ നാസർ പി. | 4034 | പ്രോഗ്രാമർ |
| 2 | നന്ദകിഷോർ യു. | 4032 | പ്രോഗ്രാമർ |
| 3 | നസീമുദ്ദീൻ കെ. | 4040 | പ്രോഗ്രാമർ |
| 4 | അഹമ്മദ് ഷഫീഖ് എം. | 4045 | പ്രോഗ്രാമർ |
| 5 | ജിനിൽ പി. | 4036 | അസിസ്റ്റന്റ് പ്രോഗ്രാമർ |
| 6 | രഞ്ജിമ രാജ് കെ.ജി. | 21464 | സിസ്റ്റം അനലിസ്റ്റ് (കരാർ) |
| 7 | അൻസബ് കെ.പി. | 23381 | നെറ്റ് വർക്ക് അഡ്മിനിസ്ട്രേറ്റർ (കരാർ) |
| 8 | ജിഷാന്ത് എം. | 21347 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 9 | മുഹമ്മദ് സലീം പി. | 21344 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 10 | ഷറഫുദ്ദീൻ സി. | 21831 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 11 | സ്മൃതി മോഹൻ കെ. | 22054 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 12 | ഷിമി കെ. പുരുഷു | 22327 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 13 | ഉത്തമ പി.ജെ. | 22328 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 14 | റുക്സാന കെ.എൻ. | 22173 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 15 | ഷെബിന കെ. | 22649 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 16 | വിപിൻ ദാസ് എം. | 22627 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 17 | റഫീദ പി.ടി. | 22832 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 18 | മുദസ്സിർ ഡി.എഫ്. | 23060 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 19 | ഷാനു മുഹമ്മദ് ടി. | 23056 | പ്രോഗ്രാമർ (സീനിയർ) (കരാർ) |

| | | | |
|---|---|---|---|
| 20 | പ്രീജി എം. | 23050 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 21 | ജിതേഷ് കെ. | 23049 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 22 | രഞ്ജിത്ത് പി.ടി. | 22130 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 23 | ശ്രീദേവി എൻ.എസ്. | 23047 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 24 | സൗമ്യ രാജ് ആർ. | 23048 | പ്രോഗ്രാമർ (സീനിയർ) (കരാർ) |
| 25 | പാർവതി വി.എസ്. | 21816 | പ്രോഗ്രാമർ (കരാർ) |
| 26 | ഷിമി സി. | 23317 | പ്രോഗ്രാമർ (കരാർ) |
| 27 | അപർണ കെ. | 23478 | പ്രോഗ്രാമർ (കരാർ) |
| 28 | ഭവ്യ വി. | 23482 | പ്രോഗ്രാമർ (കരാർ) |
| 29 | അഹ്‌ലാം എ. | 23524 | പ്രോഗ്രാമർ (കരാർ) |
| 30 | നജ്മുന്നിസ എൻ.യു. | 23523 | പ്രോഗ്രാമർ (കരാർ) |
| 31 | സയോണ മാത്യു | 23534 | പ്രോഗ്രാമർ (കരാർ) |
| 32 | റിൻജു പി. | 23584 | പ്രോഗ്രാമർ (കരാർ) (പ്രൊജക്ട് മോഡ്) |
| 33 | സുസ്മിത ഡേ അസ്സോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി | | ഡയറക്ടർ ഇൻ ചാർജ് |

## കണ്ണൂർ സർവകലാശാല

സർവ്വകലാശാല ഐ.ടി ഡയറക്ടറേറ്റിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ (Non Exam) ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഐ. ടി ഡയറക്ടർ - | 1 | Permanent |
| കമ്പ്യൂട്ടർ പ്രോഗ്രാമർ - | 1 | Permanent |
| കമ്പ്യൂട്ടർ ഓപ്പറേറ്റർ - | 6 | Permanent |
| അസിസ്റ്റന്റ് - | 1 | Permanent |
| സിസ്റ്റം മാനേജർ - | 1 | Contract |
| സീനിയർ പ്രോഗ്രാമർ - | 2 | Contract |
| ജൂനിയർ പ്രോഗ്രാമർ - | 11 | Contract |

## കുസാറ്റ്

സർവ്വകലാശാലയിലെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ സെന്റർ ഫോർ ഇൻഫർമേഷൻ റിസോഴ്സ് മാനേജ്മെന്റ് (CIRM) മുഖേനയാണ് നടത്തപ്പെടുന്നത്. പ്രസ്തുത വിഭാഗത്തിൽ നിലവിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു..

| തസ്തിക | സ്ഥിരം | കരാർ | ദിവസ വേതനം |
|---|---|---|---|

| | | | |
|---|---|---|---|
| പ്രോഗ്രാമർ | 3 | 2 | 1 |
| സിസ്റ്റം അനലിസ്റ്റ് | 0 | 0 | 1 |

**ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല**

ഐ ടി വിഭാഗത്തിന്റെ കീഴിലാണ് സംസ്കൃത സർവ്വകലാശാലയിൽ ഡിജിറ്റലൈസേഷൻ, സോഫ്റ്റ് വേയർ ഡെവലപ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരുന്നത്. പ്രസ്തുത വിഭാഗത്തിന് കീഴിൽ നിലവിൽ സ്ഥിരം തസ്തികകൾ ഒന്നും തന്നെ നിലവിലില്ല. കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചാണ് ഐ ടി വിഭാഗം നിലവിൽ പ്രവർത്തിക്കുന്നത്. IT വിഭാഗത്തിൽ ജോലി ജോലിചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സീനിയർ പ്രോഗ്രാമർ | 1 |
| 2 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 1 |
| 3 | പ്രോഗ്രാമർ | 5 |
| 4 | ജൂനിയർ പ്രോഗ്രാമർ | 1 |
| 5 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| 6 | ട്രെയിനി പ്രോഗ്രാമർ | 3 |
| ആകെ | | 12 |


**നുവാൽസ്**

പ്രത്യേകം വിഭാഗം ഇല്ല. യൂണിവേഴ്സിറ്റിയിൽ ഉള്ള സ്റ്റാഫുകളെ ഉപയോഗപ്പെടുത്തി ആവശ്യമുള്ള അപ്ഡേഷൻസ് വരുത്തുന്നു.

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല**

സർവകലാശാലയിൽ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കംപ്യൂട്ടർ വിഭാഗത്തിൽ രണ്ട് കംപ്യൂട്ടർ പ്രോഗ്രാമർ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

# ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല



## കേരള സർവകലാശാല

| DESIGNATION | OFFICE/ DEPT./ CENTRE | PAY AND ALLOWANCES | |
|---|---|---|---|
| | | FY 2023-2024 | FY 2024-2025 |
| **PERMANENT** | | | |
| Programmer (3) | Computer Centre | 3617650 | 3634120 |
| System Administrator (2) | Computer Centre | 2182931 | 2489768 |
| **CONTRACT** | | | |
| Director | Computer Centre | 1743079 | 1904456 |
| Programmer (8) | Computer Centre | 2858232 | 3257594 |
| Senior Programmer (2) | Computer Centre | 865405 | 867672 |
| Technician (4) | Computer Centre | 1197778 | 1065186 |

## മഹാത്മാഗാന്ധി സർവകലാശാല

**Ad D SECTION**

SALARY FOR SOFTWARE DEVELOPERS FOR THE PERIOD FROM 2023 APRIL TO 2025 MARCH

| SL NO | MONTH-YEAR | No: of employees | SALARY |
|---|---|---|---|
| 1 | April 2023 | 32 | 976489 |
| 2 | May 2023 | 38 | 1280445 |
| 3 | June 2023 | 30 | 1014548 |
| 4 | July 2023 | 31 | 1038566 |
| 5 | August 2023 | 29 | 875710 |
| 6 | September 2023 | 35 | 1261379 |
| 7 | October 2023 | 30 | 922036 |
| 8 | November 2023 | 30 | 920644 |
| 9 | December 2023 | 27 | 1043960 |
| 10 | January 2024 | 30 | 1106826 |
| 11 | February 2024 | 22 | 861419 |
| 12 | March 2024 | 2 | 26129 |
| 13 | April 2024 | 39 | 1566963 |
| 14 | May 2024 | 37 | 1352168 |
| 15 | June 2024 | 25 | 893903 |
| 16 | July 2024 | 26 | 936167 |
| 17 | August 2024 | 27 | 894676 |
| 18 | September 2024 | 20 | 640904 |
| 19 | October 2024 | 10 | 476827 |
| 20 | November 2024 | 46 | 1689478 |
| 21 | December 2024 | 26 | 798050 |
| 22 | January 2025 | 30 | 871258 |
| 23 | February 2025 | 30 | 1190956 |
| 24 | March 2025 | | |

## കാലിക്കറ്റ് സർവ്വകലാശാല

സി.യു.സി.സി.ക്ക് കീഴിൽ ഡിജിറ്റയിസേഷൻ, സോഫ്റ്റ് വേയർ ഡെവലപ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നല്കിയയിനത്തിൽ 2023-24 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ജീവനക്കാരുടെ എണ്ണം | തുക |
|---|---|---|
| 2023-24 | 32 | 1,45,18,148 രൂപ |
| 2024-25 | 32 | 1,57,89,090 രൂപ |

**ഡയറക്ടർ തസ്തികയിൽ പഠനവിഭാഗത്തിലെ അധ്യാപികയ്ക്ക് അധികചുമതലയാണ് നൽകുന്നത്. ഈ ചുമതല വഹിക്കുന്നതിന് പ്രത്യേകം ശമ്പളമോ അലവൻസോ നൽകുന്നില്ല.

മുകളിൽ വിശദാംശങ്ങൾ നൽകിയ ജീവനക്കാർക്ക് പുറമെ 2023-24 സാമ്പത്തിക വർഷം മുതൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സെന്റർ (സി.യു.സി.സി.) ന് കീഴിൽ ജോലി ചെയ്യുകയും പിന്നീട് വിടുതലാവുകയും ചെയ്ത ജീവനക്കാരുടെശമ്പളവും മറ്റ് അലവൻസുകളും നല്കിയയിനത്തിൽചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| സാമ്പത്തിക വർഷം | ജീവനക്കാരുടെ എണ്ണം | തുക |
|---|---|---|
| 2023-24 | 7 | 22,08,847 രൂപ |
| 2024-25 | 6 | 12,53,306 രൂപ |

## കണ്ണൂർ സർവകലാശാല

ഡിജിറ്റലൈസേഷൻ, സോഫ്റ്റ് വെയർ ഡെവലപ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും നല്കിയ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷം, ജീവനക്കാരുടെ എണ്ണം, തുക എന്ന ക്രമത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | സാമ്പത്തിക വർഷം | ജീവനക്കാരുടെ എണ്ണം | തുക |
|---|---|---|---|
| 1. | 2023 - 24 | 22 | 13,967,137 /- രൂപ |
| 2. | 2024-25 (നാളിതുവരെ) | 22 | 13,607,918/- രൂപ |

## കുസാറ്റ്

മേൽ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച ചെലവുകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ജീവനക്കാരുടെ എണ്ണം | തുക |
|---|---|---|
| 2023-24 | 7 | ₹29,28,532/- |
| 2024-25 ഫെബ്രുവരി വരെ | 7 | ₹38,84,155/- |

## ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല

| സാമ്പത്തിക വർഷം | ജീവനക്കാരുടെ എണ്ണം | ശമ്പളം, അലവൻസ് എന്നിവക്ക് ചെലവഴിച്ച തുക (INR) |
|---|---|---|
| 2023-24 | 11 | 3,855,179/ - |
| 2024-25 | 12 | 3,644,934/ - |

## നുവാൽസ്

പ്രത്യേകം വിഭാഗം ഇല്ല. യൂണിവേഴ്സിറ്റിയിൽ ഉള്ള സ്റ്റാഫുകളെ ഉപയോഗപ്പെടുത്തി ആവശ്യമുള്ള അപ്ഡേഷൻസ് വരുത്തുന്നു.

## ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ ഡിജിറ്റലൈസേഷൻ, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത് ഐ റ്റി വിഭാഗമാണ്. ഐ റ്റി വിഭാഗം ജീവനക്കാർക്ക് 2023–24 സാമ്പത്തിക വർഷത്തിലും , തുടർന്നും നാളിതുവരെ (01/2025 വരെ) നൽകിയ ആകെ ശമ്പള വിവരം ചുവടെ ചേർത്തിരിക്കുന്നു.

| Financial Year | Employees Details | Number of Employees | Salary/Festival allowance details-Yearly |
|---|---|---|---|
| 2023-24 & up to 01/2025 | Cyber Controller | 1 | 2669740 |
| | System Manager | 1 | 1014710 |
| | Computer Programmer | 3 | 1867170 |
| | Virtual Programme Manager | 1 | 832500 |
| | Deputy Registrar (6 month) | 1 | 240000 |
| | Assistant (12 months) | 2 | 748380 |
| | DEO/Computer Assistant (12 months) | 4 | 1078920 |
| | MTS | 1 | 425220 |
| | **Total :** | **14** | **8876640** |

**അനുബന്ധം - 4**

## കേരള സർവകലാശാല

സർവകലാശാല പ്രവേശനം, പരീക്ഷാ നടത്തിപ്പ് (SLCM ഒഴികെ) എന്നിവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ സോഫ്റ്റ് വെയറുകളും വികസിപ്പിച്ചത് കേരള സർവകലാശാല കമ്പ്യൂർ സെന്റർ ആയതിനാൽ ഇതിലേക്കുള്ള ചിലവ് ചോദ്യം നമ്പർ (എഫ്) ൽ പ്രതിപാദിച്ചിട്ടു്.

**I) സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം**

ന്യൂ ജനറേഷൻ കോഴ്സുകളുൾപ്പെടെ കേരള സർവകലാശാലയുടെ കീഴിലുള്ള എല്ലാ കോഴ്സു കളിലും പ്രവേശനം നേടുന്ന വിദ്യാർഥികൾക്ക് അന്തിമ ഡിഗ്രി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതു വരെയുള്ള നടപടിക്രമങ്ങളെല്ലാം (അതായത് പരീക്ഷാപൂർവ പ്രവത്തനങ്ങൾ, ഓൺലൈൻ -ഓഫ്ലൈൻ പരീക്ഷകൾ, ക്യാമ്പ് മാനേജ്മെന്റ്, മൂല്യനിർണ്ണയം, പുനർമൂല്യ നിർണ്ണയം, റിസൾട്ട് പ്രസിദ്ധീകരണം തുടങ്ങിയവ) ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് (SLCM) സിസ്റ്റം എന്ന സോഫ്റ്റ് വെയർ കേരള സർവകലാശാല നടപ്പിലാക്കിയിരുന്നു. M/s ഐടിഐ ലിമിറ്റഡ്, പാലക്കാട് ആണ് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

പ്രസ്തുത പദ്ധതിയ്ക്കായി 2021-22 മുതൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ:

| നം. | വർഷം | ധാരണാപത്രപ്രകാരമുള്ള ബെഞ്ച്മാർക്ക് |
|---|---|---|
| 1. | 2020-21 | Advance payment for the Main Project |
| 2. | 2021-22 | On approval of the "SRS Document" |
| 3. | 2023-24 | Phase I Software delivery of the Project |
| 4. | 2024-25 | Completion of Final Software delivery of the Project |
| 5. | 2024-25 | Advance Payment for Change Request - Introducing QR code Pre- printed Answer Sheet Management in Student Life Cycle Management System (Examination Management Software) |

**II) ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം (FFMS)**

കേരള സർവകലാശാലയിൽ ഇ-ഗവേർണൻസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കാക്കിയിരുന്നു. നിലവിൽ സർവകലാശാലയിലെ ഫയലുകൾ FFMS മുഖേനെയാണ് കൈകാര്യം ചെയുന്നത്. M/s കെൽട്രോൺ ആണ് പദ്ധതി നടപ്പിലാക്കിയത്.

ഇതുമായി ബന്ധപ്പെട്ട് 2021-22 മുതൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ:

| നം. | വർഷം | ആവശ്യം |
|---|---|---|
| 1. | 2021-22 | AMC Charges for the first year and entrusting KELTRON towards AMC for the second year |
| 2. | 2021-22 | Final 20% payment to M/s KELTRON for the Implementation of FFMS |
| 3. | 2022-23 | 'Annual Maintenance Contract (AMC)' of the 'File Flow Management System (FFMS)' for the period from 18-07-2021 to 17-07-2022 |
| 4. | 2022-23 | 'FFMS Handholding support' of one person for the period from 01-07-2021 to 30-06-2022 |
| 5. | 2023-24 | 'Annual Maintenance Contract (AMC)' of the 'File Flow Management System (FFMS)' for the period from 18-07-2022 to 17-07-2023 |
| 6. | 2023-24 | 'Charges for FFMS Server Administration' from 01/04/2023 to 30.06.2023 |
| 7. | 2024-25 | AMC charges of the File Flow Management System (FFMS) for the period from 18.07.2023 to 17.07.2024. |
| 8. | 2024-25 | FFMS Server Administration for the period from 01.07.2023 to 31.03.2024. |

## മഹാത്മാഗാന്ധി സർവകലാശാല

| വർഷം | വിനിയോഗം (ലക്ഷം രൂപ) |
|---|---|
| 2021-22 | 145.24951 |
| 2022-23 | 24.28707 |
| 2023-24 | 47.02182 |
| 2024-25 | 94.46742 |

## കാലിക്കറ്റ് സർവ്വകലാശാല

സർവ്വകലാശാലകളിലെ പ്രവേശനം, പരീക്ഷ നടത്തിപ്പ്, അക്കാദമികവും ഭരണപരവുമായ സംവിധാനങ്ങൾ തുടങ്ങിയവയുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി 2021–22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സർവകലാശാലയിലെ ആസൂത്രണ വികസന വിഭാഗം, പർച്ചേസ് വിഭാഗം, കാലിക്കറ്റ് യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സെന്റർ (സി.യു.സി.സി.) എന്നിവിടങ്ങളിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**A .** ആസൂത്രണ വികസന വിഭാഗം (2021–22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഡിജിറ്റൈസേഷന്റെ ഭാഗമായി പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി പ്രോജക്ടുകളുടെ കീഴിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ)

| ക്രമ നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | CEAM : Centre for Examination Automation and Managemen | ₹2,00,00,000/- | ₹2,00,00,000/- |
| 2 | CU Knowledge Network - Centre for e-Learning | ₹2,40,00,000/- | ₹1,50,00,000/- |
| 3 | Campus backbone network & structured cabling of University buildings - Phase II | ₹1,97,00,000/- | ₹1,50,00,000/- |
| 4 | Revamping of Secured Campus Wi-Fi Phase II | ₹99,00,000 | ₹75,00,000/- |

**B.**പർച്ചേസ് വിഭാഗം

| Sl No. | Item | Amount (₹) | Financial Year |
|---|---|---|---|
| 1. | Head Phone to Suvega ( Digital Students Service Center) (2 Nos.) | 1,319 | 2022-23 |
| 2. | Head Phone to Suvega (10 Nos.) | 44,990 | 2024-25 |
| 3. | Matlab software with campus wide license for 3 years to CSIF | 20,35,500 | 2021-22 |
| 4. | 10 user license of Google Work space | 21,240 | 2023-24 |
| 5. | 10 user license of Google Work space | 10,466 | 2024-25 |
| 6 . | Hyper Converged Infrastructure based Virtualization and Private cloud System with 5 year warranty and 2 year comprehensive extended warranty. ( for Calicut University Computer Centre ) | 3,31,00000 | 2021-22 |
| 7. | Purchase of 500 numbers of Barcode readers to Pareeksha Bhavan through GeM, in connection with the launching of Digital Examination System | 9,69,000 | 2022-23 |
| 8. | Purchase of 35,000 numbers of A4 size sheets of company scored Adhesive labels to Pareeksha Bhavan for the Barcode based Examination. | 98,000 | 2023-24 |

| | | | |
|---|---|---|---|
| 9. | Purchase of 10 lakh sheets of Adhesive labels to Pareeksha Bhavan | 24,50,000 | 2024-25 |
| 10. | Purchase of 10 lakh sheets of Adhesive labels to Pareeksha Bhavan | 23,01,000 | 2022-23 |
| 11. | Purchase of 5,52,000 self Adhesive labels to Pareeksha Bhavan | 14,35,200 | 2022-23 |
| 12. | Purchase of 4 numbers of Data Logic Hand held Linear Imager Coded Barcode Reader to Pareeksha Bhavan through GeM | 23,000 | 2022-23 |
| 13. | E-Learning studio and Digital Class Room | 1,99,86,652 | 2022-23 |
| 14. | Modernisation of Pareeksha Bhavan (High Speed Printer) | 41,70,700 | 2022-23 |
| 15. | Modernisation of Examination (High Speed Printer) | 26,60,700 | 2023-24 |
| 16. | Additional items to E-learning studio | 9,31,960 | 2022-23 |
| 17. | Laptop Computer 10 Nos. for launching of Digital Examination System | 4,07,450/- | 2022-23 |
| 18. | Laptop Computer 60 Nos.. for launching of Digital Examination System | 22,80,960/- | 2022-23 |
| 19. | Laptop Computer 190 Nos.. for launching of Digital Examination System | 72,23,040/- | 2022-23 |
| 20. | Desktop computer 2 Nos. to CEAM Building | 85,594/- | 2023-24 |
| 21. | ASRS ( Automated Storage and Retrieval System ) Unit to CEAM Building for keeping valued answer scripts and for speedy conduct of revaluation. | 3,38,99,996/- | 2023-24 |
| 22. | One number of High Performance GPU Server and four numbers of work station for the Centre for Computational Biology and Bioinformatics. | 34,29,587/- | 2024-25 |

### C. കാലിക്കറ്റ് യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സെന്റർ (സി.യു.സി.സി.)

| Purpose | **Financial Year** 2021-22 | **Financial Year** 2022-23 | **Financial Year** 2023-24 | **Financial Year** 2024-25 | |
|---|---|---|---|---|---|
| Campus Network & Connectivity' Part II-B 41-4041-02 | 0 0 0 | 25,90,430 | 10,58,070 | 2,19,716 | 38,68,216 |
| Subscription to Internet Connectivity Part I 01-2039-01 | 15,43,726 | 4,15,356 | 8,61,192 | 11,74,870 | 39,95,144 |
| Single Window System Part I Non Plan 01 - 2041 - 01 | 3,13,81,803 | 12,74,804 | 11,22,272 | 10,22,787 | 3,48,01,666 |
| AMC' for the Computer System (DDFS AMC) Part I 01-2015-01 | 11,41,131 | 15,26,437 | 17,38,765 | 3,47,753 | 47,54,086 |
| Salary for Programmers | 17873060 | 17638890 | 16940913 | 18534645 | 70987508 |
| Part I Non plan | 0 | 0 | 1422023 | 816506 | 2238529 |

| | | | | | |
|---|---|---|---|---|---|
| 01-<br>2015-01 AMC for Computer System/Equipment,<br>of the respective financial year - NETCON - (Data Centre service provider) - AMC Payment | | | | | |
| Total | 51939720 | 20855487 | 23143235 | 22116277 | 120645149 |

## കണ്ണൂർ സർവകലാശാല

| വർഷം | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|
| തുക | 44,03,991 | 20,06,000 | 40,12,000 | 20,06,000 |

## കുസാറ്റ്

ഡിജിറ്റലൈസേഷൻ പ്രക്രിയയുടെ ഭാഗമായി സർവ്വകലാശാല ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2021-2022 | |
|---|---|
| E-Governance Activities | ₹5,38,697.00 |
| Software Development/Maintenance | ₹29,06,271.00 |
| Digitization and Digital Preservation | ₹5,14,301.00 |
| Software Development/Maintenance | ₹69,766.00 |
| ആകെ | ₹40,29,035.00 |
| 2022-2023 | |
| Software Development/Maintenance ICREP | ₹3,650.00 |
| Software Development/Maintenance SOE | ₹5,20,000.00 |
| E-Governance Activities CIRM | ₹10,04,456.00 |
| ആകെ | ₹10,28,106.00 |
| 2023-2024 | |
| E-Governance Activities CIRM | ₹13,57,704.00 |
| Software Development/Maintenance DOA | ₹21,240.00 |
| Software Development/Maintenance SOE | ₹24,780.00 |
| ആകെ | ₹14,03,724.00 |
| 2024-2025 | |

| | |
|---|---|
| Software Development/Maintenance DOA | ₹28,320.00 |
| Software Development/Maintenance DDUK | ₹49,324.00 |
| E-Governance Activities CIRM | ₹4,36,7812.00 |
| ആകെ | ₹5,13,826.00 |

## ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല

ശമ്പള-ശമ്പളേതര ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു

| സാമ്പത്തിക വർഷം | ശമ്പളം, അലവൻസ് എന്നിവയ്ക്ക് ചെലവഴിച്ച തുക **(INR)** |
|---|---|
| 2021-22 | 32,46,365/- |
| 2022-23 | 40,24,015/- |
| 2023-24 | 38,55,179/- |
| 2024-25 | 36,44,934/- |

| സാമ്പത്തിക വർഷം | ഡിജിറ്റലൈസേഷൻറെ ഭാഗമായി ശമ്പള ഇതര ചെലവുകൾക്ക് ചെലവഴിച്ച തുക **(INR)** |
|---|---|
| 2021-22 | 16,28,102/- |
| 2022-23 | 14,76,327/- |
| 2023-24 | 32,88,640/- |
| 2024-25 | 5,78,419/- |

## നുവാൽസ്

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 11,91,596/- രൂപ Academic Management Solutions (AMS) വേണ്ടി ചിലവാക്കിയിട്ടുണ്ട്.

## ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല

2022-23 സാമ്പത്തിക വർഷം - 1,07,50,000/- (Plan fund, Own fund)

2023-24 സാമ്പത്തിക വർഷം - 43,00000/- (Plan fund, Own fund)

2024-25 സാമ്പത്തിക വർഷം - Nil

സെക്ഷൻ ഓഫീസർ